**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2184** **14-10-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സായാഹ്ന ഒ.പി. ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ നിർദേശം നൽകിയിട്ടും മലപ്പുറം ജില്ലയിലെ പതിനൊന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സായാഹ്ന ഒ.പി. ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒ.പി. ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കുടുംബാരോഗ്യകേന്ദ്രങ്ങളിൽ രാവിലെ 9മണി മുതൽ വൈകുന്നേരം 6 മണിവരെ ഒ പി നടത്തുന്നതിന് അധികം വേണ്ടുന്ന ജീവനക്കാരെ നിയമിക്കുന്നത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേനയുള്ള നിയമനവുമായി ബന്ധപ്പെട്ട റാങ്ക് ലിസ്റ്റ് ബ്ലോക്ക്തല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ മെഡിക്കൽ ഓഫീസർ കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരെയും ആവശ്യമായ മറ്റ് ജീവനക്കാരെയും നിയമിക്കുവാൻ നിർദേശം നൽകുമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25.01.2023 ലെ ഡി.എ1-363/2023/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കുടുംബാരോഗ്യകേന്ദ്രം, പ്രാഥമികാരോഗ്യകേന്ദ്രം, താലൂക്ക് ആശുപത്രികളിൽ എന്നിവിടങ്ങളിൽ ആർദ്രം മാനദണ്ഡ പ്രകാരമുള്ള ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നീ ജീവനക്കാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സായാഹ്ന ഒ.പി. ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ